പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 845

12/12/2012-ൽ
മറുപടിയ്ക്കു

**ക്ഷേത്രങ്ങളേയും ക്ഷേത്രം വക കാവുകളേയും സംരക്ഷിക്കാൻ നടപടി**

ചോദ്യം

ശ്രീ. കെ. ശിവദാസൻ നായർ.
ശ്രീ. പി.എ. മാധവൻ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. കെ. മുരളീധരൻ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

എ) ക്ഷേത്രങ്ങളേയും ക്ഷേത്രംവക കാവുകളേയും സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

ബി) ഇവയുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടിക്രമങ്ങളാണ് ഭരണതലത്തിൽ ഒരുക്കിയിട്ടുള്ളതെന്നും എന്തെല്ലാം ധന സഹായങ്ങളാണ് ക്ഷേത്രങ്ങളെയും കാവുകളെയും സംരക്ഷിക്കുന്നതിന് ഉടമകൾക്ക് ലഭിക്കുന്നതെന്നും വിശദമാക്കുമോ ;

സി) ഗ്രാമങ്ങളിലെ ഭൂഗർഭജലനിരപ്പ് നിലനിർത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഈ നടപടികളിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ ?

എ), ബി), & സി) തിരുവിതാംകൂർ ദേവസ്വം ബോർഡിൻെറ ഉടമസ്ഥതയിലുള്ള ക്ഷേത്രങ്ങളേയും, ക്ഷേത്രം വക കാവുകളേയും സംരക്ഷിക്കുവാൻ ബോർഡ് പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിവരുന്നു. കൊച്ചിൻ ദേവസ്വം ബോർഡിൻെറ കീഴിലുള്ള ക്ഷേത്രങ്ങളും കാവുകളും സംരക്ഷിക്കുന്നതിലേക്കായി അറ്റകുറ്റ പണികൾ ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ ദേവസ്വം ഓഫീസർമാരുടെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിൻെറ കീഴിലുള്ള ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണത്തിനും, അറ്റകുറ്റപ്പണികൾക്കും പുനർനിർമ്മാണത്തിനുമായി ബോർഡ് "ക്ഷേത്ര ജീർണ്ണോദ്ധാരണ ധന സഹായം" നൽകി വരുന്നു.

കൂടാതെ ക്ഷേത്രങ്ങളോടു ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും പുനരുദ്ധാരണ പദ്ധതി ആവിഷ്കരിക്കുന്നതിനായി സർക്കാർ തിരുവിതാംകൂർ, മലബാർ ദേവസ്വം ബോർഡുകൾക്ക് 2 കോടി രൂപാ വീതവും, കൊച്ചിൻ ദേവസ്വം ബോർഡിന് 1 കോടി രൂപയും 2011-12 -ൽ അനുവദിച്ചു നൽകിയിരുന്നു. ദേവസ്വം ബോർഡിൻെറ ഉടമസ്ഥതയിലുള്ള കുളങ്ങൾ, ആൽത്തറകൾ, കാവുകൾ എന്നിവയും കൂടാതെ സ്വകാര്യ ഉടമസ്ഥതയിലുള്ളതും ജീർണ്ണാവസ്ഥയിലുള്ളതുമായ ക്ഷേത്രങ്ങളോടൊപ്പമുള്ള കാവുകൾ, ആൽത്തറകൾ, കുളങ്ങൾ എന്നിവ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ഷേത്രക്കുളങ്ങൾക്ക് അരികിലുള്ള വൃക്ഷങ്ങൾ, മുളങ്കാടുകൾ, മറ്റ് വള്ളിപ്പടർപ്പുകൾ എന്നിവ വെട്ടിമാറ്റാതെയും കാവുകളുടെ പരിരക്ഷയിൽ പരിസ്ഥിതി മൂല്യങ്ങൾക്ക് പരമാവധി പ്രാധാന്യം കൊടുക്കുകയും ചെയ്യുന്നതരത്തിലുള്ള പ്രവൃത്തികളാണ് പ്രധാനമായും ആവിഷ്കരിക്കുന്നത്.

സെക്ഷൻ ഓഫീസർ